



ലാലു ജോസഫ് , ജി.എസ് വിജയൻ, തോമസ് ഉമ്മൻ

# മാവേലി FM2011 ഈ വർഷത്തെ സൂപ്പർഹിറ്റ്

**സ്റ്റേജ് ഷോ** പരിപാടികളുടെ കൂട്ടത്തിൽ റഹ്മാൻ നയിച്ച മാവേലി FM2011 ഈ വർത്തെ സൂപ്പർഹിറ്റ് പരിപാടിയായി അമേരിക്കയിലെ ഭൂരിഭാഗം മലയാളികളും വിലയിരുത്തി. ജ്യോതിർമയി, വിനീത് ശ്രീനിവാസൻ, രമ്യാനമ്പീശൻ, സയനോര, മഞ്ജുപിള്ള, ധന്യമേരി വർഗീസ്, ഷാൻ റഹ്മാൻ, സച്ചിൻ വാര്യർ, കലാഭവൻ ജിന്റോ, പ്രതിജ്ഞൻ, പ്രദീപ് ലാൽ, പ്രകാശ്, ഡാൻസർ ജോൺ ജേക്കബ് എന്നിവരുൾപ്പെട്ട കലാകാരന്മാരുടെ മൂന്നര മണിക്കൂർ പ്രകടനം അസാധാരണമായൊരനുഭവമായിരുന്നതായി അമേരിക്കൻ മലയാളികളുടെ സ്വന്തം താരം അക്കരക്കാഴ്ചകളിലെ അച്ചായൻ ന്യൂജേഴ്സിയിലെ സ്റ്റേജ് ഷോ വേദിയിൽ നിന്ന് പരസ്യമായി പറഞ്ഞു.

അക്കരക്കാഴ്ചയിലെ സഹതാരം ഗ്രിഗറിയും സംവിധായകൻ അജയനും ഇതേ അഭിപ്രായം തന്നെ രേഖപ്പെടുത്തി.

ന്യൂയോർക്കിലെ സരിഗമ എന്റർടെയ്ൻമെന്റ് ഇന്ത്യയിലെതന്നെ മികച്ച ഇവന്റ് മാനേജ്മെന്റ് കൺ സൾട്ടൻസ് കേരൾ ടുഡേ ഡോട്കോമിന്റെ സഹായത്തോടെ സംഘടിപ്പിക്കുന്ന പരിപാടിയാണ് മാവേലി FM2011. പ്രശസ്ത സിനിമാ സംവിധായകൻ ജി.എസ് വിജയനാണ് പരിപാടിയുടെ സംവിധായകൻ. 2009ലെ ശ്രീനിയാൻ ട്വന്റി 20ക്കുശേഷം വിജയൻ സംവിധാനം നിർവഹിക്കുന്ന പരിപാടിയാണ് മാവേലി FM2011.

ജ്യോതിർമയി, ധന്യ, രമ്യ എന്നിവരുടെ രംഗപൂജയോടെ തുടങ്ങുന്ന പരിപാടിയിൽ റഹ്മാൻ, വിനീത് എന്നിവരുൾപ്പെടെ പ്രധാനതാരങ്ങൾ അണിനിരക്കുന്ന കോമഡി സ്കിറ്റും നിരവധി ഹിറ്റ് ഗാനങ്ങളുമുണ്ട്. സയനോര, സച്ചിൻ വാര്യർ, ഷാൻ റഹ്മാൻ എന്നിവർക്കൊപ്പം വിനീത് ശ്രീനിവാസനും ചേർന്ന് മെലഡിയും അടിപൊളിയും കോർത്തിണക്കിയിട്ടുള്ള ഗാനങ്ങൾ കാണികളുടെ മനസുകുളിർപ്പിക്കും.

കലാഭവൻ ജിന്റോയും സംഘവും അവതരിപ്പിക്കുന്ന കോമഡി സ്കിറ്റുകളും മിമിക്രിയും പുതുമയാർന്ന പരിപാടികളാൽ സജീവമാണ്. പ്രതിജ്ഞനും, പ്രദീപ് ലാലും പ്രകാശും അവതരിപ്പിക്കുന്ന വൺമാൻ ഷോകൾ നാളിതുവരെ അമേരിക്ക കണ്ടിട്ടില്ലാത്ത ഇനങ്ങളാണ്. സ്റ്റേജ് ഷോ പരിപാടികളുടെ കൂട്ടത്തിൽ തികച്ചും വ്യത്യസ്തമായ ഒരു പരിപാടിയാണ് മാവേലി FM 2011. അവതരണത്തിലെ പുത്തൻരീതികൾ വരുംവർഷങ്ങളിൽ അമേരിക്കയിൽ എത്തുന്ന സ്റ്റേജ് ഷോകൾക്ക് ഒരു മാതൃകയാകുമെന്ന് കരുതാം. 2011ൽ അമേരിക്കയിൽ വന്നു പോയത് നിരവധി താരങ്ങളാണ്. മീരാ ജാസ്മിനും സുരാജ് വെഞ്ഞാറമ്മൂടും സംഘവും നടത്തിയ തേരോട്ടത്തിനു തൊട്ടുപിന്നാലെ വന്ന മാവേലി FM 2011 ഈ വർഷത്തെ ഏറ്റവും മികച്ച സ്റ്റേജ് ഷോ പരിപാടിയായിരുന്നു എന്ന് കാണികൾ വിലയിരുത്തുന്നു. മീരാജാസ്മിനും സംഘവും അവതരിപ്പിച്ച താരസമന്വയം പരിപാടിക്കും ഇവന്റ് മാനേജ് ചെയ്തത് കേരൾ ടുഡേ ഡോട്ട് കോം തന്നെയാണ്.

സരിഗമ എന്റർടെയ്ൻമെന്റ്സിന്റെ രണ്ടാമത്തെ പരിപാടിയാണ് മാവേലി FM 2011. 2009ൽ ശ്രീനിവാസന്റെ നേതൃത്വത്തിൽ താരനിരതന്നെ കെട്ടിപ്പടുത്തവരാണ് തോമസ് ഉമ്മൻ (ഷിബുവും) കൂട്ടാളികളും. സരിഗമ - കേരൾ ടുഡേ - ജി.എസ് വിജയൻ ടീമിന്റെ കൂട്ടായ്മ തുടർച്ചയായി രണ്ടാംതവണയും ഹിറ്റ് ഷോയിലൂടെ അമേരിക്കൻ മലയാളികളുടെ മനസ് കവർന്നിരിക്കുന്നു. അമേരിക്കയിലെ പുത്തൻനിര സ്പൊൺസർമാരുടെയിടയിൽ ഷിബു, സിജി, ബോബി, ബെൻസൻ എന്നീ നാൽവർ സംഘത്തിന് ഒന്നാംസ്ഥാനമാണ്.

അടുത്തവർഷം മലയാള സിനിമാരംഗത്ത് തരംഗമായിതീർന്നിരിക്കുന്ന പൃഥ്വിരാജിന്റെ നേതൃത്വത്തിൽ മിന്നുന്ന പ്രകടനം സംഘടിപ്പിക്കുവാനാണ് തങ്ങളുടെ ശ്രമമെന്ന് സരിഗമ പ്രസിഡന്റ് തോമസ് ഉമ്മൻ പറഞ്ഞു. മാവേലി FM 2011 പരിപാടി ഗംഭീരമാക്കാൻ സഹായിച്ച നല്ലവരായ മുഴുവൻ അമേരിക്കൻ മലയാളികളോടും സരിഗമ കടപ്പെട്ടിരിക്കുന്നതായി അദ്ദേഹം പറഞ്ഞു. മാവേലി FM 2011 ന്റെ അവതരണരീതി സ്റ്റേജ് ഷോ പരിപാടികൾക്ക് ഒരു പുതിയ മാതൃകയാണെന്നതിൽ സന്തോഷമുള്ളതായി സംവിധായകൻ ജി.എസ് വിജയൻ പറഞ്ഞു. തുടരെ തുടരെ ഹിറ്റ് പരിപാടികൾ ഇവന്റ് മാനേജ് ചെയ്യാനായതിൽ അതീവ സന്തോഷമുണ്ടെന്ന് കേരൾ ടുഡേ ഡോട് കോം മാനേജിംഗ് എഡിറ്റർ ലാലു ജോസഫ് പറഞ്ഞു.

പുതിയ പുതിയ പരിപാടികളും താരങ്ങളുമായി മാവേലി FM മാതിരി അടിപൊളി പരിപാടികൾക്കായി കാത്തിരിക്കുക എന്നോർമ്മപ്പെടുത്തലാണ് സരിഗമയുടെ ഡയറക്ടറന്മാർ പ്രകടിപ്പിച്ചത്.

നല്ലൊരു ഓണസമ്മാനം അമേരിക്കയിലാകെ എത്തിച്ചതിന് സരിഗമയും കേരൾ ടുഡെയും സംവിധായകനും അഭിനന്ദമർഹിക്കുന്നു.